**Press Release**

27-07-2023

# Global technology leader for simulation and validation solutions dSPACE to locate key centre in Kerala capital

- **Facility at KINFRA Park to provide solutions to global auto majors**
- **dSPACE selects Kerala as an ideal locale for high-tech ops**

Thiruvananthapuram, July 27: Global technology leader for simulation and validation solutions dSPACE, which provides critical solutions to auto majors across the world for developing connected, autonomous, and electrically powered vehicles, will soon open its captive centre for Product Development and Research and Development (R&D) in the Kerala capital.

Based out of Germany, dSPACE (digital Signal Processing and Control Engineering), chose Kerala considering the world class facilities offered by the state as a thriving investment destination for global companies for critical operations.The Product Development and R&D facility coming up at Kinfra Park at Menamkulam in the city is the third such facility of dSPACE, the others being located in Germany and Croatia.

The opening of a product development and R&D centre by a global company like dSPACE in Kerala clearly endorses the world class facilities available in the industrial ecosystem of the state, Shri Suman Billa, Principal Secretary, Industries, said.

“This decision by a global leader in a cutting-edge domain will provide further momentum to the state’s growth by bolstering and diversifying its investment portfolio, especially at a time when it is firmly on track to become a knowledge economy,” Shri Suman Billa, added.

In the automotive industry, dSPACE’s customers include such big names like Porsche, Jaguar, BMW, Audi, Volvo, AVL, Bosch, TATA Motors, ZF, MAN, Toyota, Honda, Ford, Stellantis, Hyundai, VW, GM, Daimler, Denso, and Renault. Besides being a captive centre for product development and R&D, the new facility in the Kerala capital will establish full responsibility for dSPACE products, said a senior official of dSPACE.

“It is the talent stickiness and affordability that made us choose Kerala for opening our third development centre. As many as 70 engineers will be appointed initially and in two to three years the company will ensure to provide employment to nearly 300 engineers with expertise in cutting-edge technologies”, the official added.

dSPACE, with more than three decades of experience has a proven track record in tailoring solutions catering to the needs of a wide range of industries like automotive, aerospace, commercial and off-highway electric drives, academics, and medical engineering.

The company offers varied services like Software-in-the-loop (SIL) testing, sensor data management, simulation modelling, data annotation, data-driven development, rapid prototyping, Hardware-in-the-Loop (HIL) testing, model-based development, production software development, and Artificial Intelligence.

The company has 2400 employees worldwide, marketing and sales offices in nine countries, development centres in two countries, and distributors in five countries. All centres are managed from Paderborn, dSPACE's headquarters in Germany.

# വാഹന വ്യവസായത്തിന് സാങ്കേതിക സേവനങ്ങളുമായി 'ഡിസ്പെയ്സ്' തിരുവനന്തപുരത്തേക്ക്

- **അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രം വരുന്നത് കിൻഫ്ര പാർക്കചെന്റ**
- **മുന്നൂറോളം തൊഴിലവസരങ്ങൾ ലഭ്യമാകും**

തിരുവനന്തപുരം: ലോകത്തിലെ മുൻനിര മോട്ടോർ വാഹന നിർമ്മാതാക്കൾക്ക് സിമുലേഷൻ -വാലിഡേഷൻ സേവനങ്ങൾ ലഭ്യമാക്കുന്ന ആഗോള കമ്പനിയായ ഡിസ്പെയ്സ് തിരുവനന്തപുരത്ത് ഗവേഷണ വികസന കേന്ദ്രം തുറക്കുന്നു. മേനംകുളത്ത് കിൻഫ്ര പാർക്കിൽ മൂന്നു മാസത്തിനുള്ളിൽ കമ്പനി പ്രവർത്തനമാരംഭിക്കും.

കണക്ടഡ്, ഓട്ടോണമസ്, ഇലക്ട്രിക്കൽ പവർ വാഹനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങളും സിമുലേഷനും വാലിഡേഷനും ഉൾപ്പെടെയുള്ള നിർണായക സേവനങ്ങളും ഡിസ്പെയ്സ് ലഭ്യമാക്കും. ജാഗ്വാർ, ബിഎംഡബ്ല്യു, ഓഡി, വോൾവോ, എവിഎൽ, ബോഷ്, ടാറ്റ മോട്ടോഴ്സ്, ഇസഡ്എഫ്, ടൊയോട്ട, ഹോണ്ട, ഫോർഡ്, ഹ്യൂണ്ടായ് തുടങ്ങി ലോകത്തെ എല്ലാ പ്രധാന ഓട്ടോമൊബൈൽ കമ്പനികളും ഡിസ്പെയ്സിൻറെ സേവനം നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

ജർമ്മനി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഡിസ്പെയിസിൻറെ (ഡിജിറ്റൽ സിഗ്നൽ പ്രോസസ്സിംഗ് ആൻഡ് കൺട്രോൾ എഞ്ചിനീയറിംഗ്) ലോകത്തിലെ മൂന്നാമത്തെ സോഫ്റ്റ് വെയർ ഗവേഷണ വികസന കേന്ദ്രമാണ് തിരുവനന്തപുരത്ത് ആരംഭിക്കുന്നത്. മുപ്പതു വർഷത്തെ പാരമ്പര്യമുള്ള ഡിസ്പെയിസിനു ജർമ്മനിയിലും ക്രൊയേഷ്യയിലും ഗവേഷണ വികസന കേന്ദ്രങ്ങളുണ്ട്.

ഡിസ്പെയ്സ് പോലുള്ള ആഗോള കമ്പനികൾ സംസ്ഥാനത്തിൻറെ വ്യാവസായിക വളർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു. വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങളും വ്യവസായ സൗഹൃദ അന്തരീക്ഷവും കേരളത്തിലുള്ളതു കൊണ്ടാണ് ആഗോള കമ്പനികൾ ഇവിടേക്ക് എത്തുന്നത്. ആഗോള പ്രശസ്ത വ്യവസായ

കേന്ദ്രങ്ങൾക്ക് വേരുറപ്പിക്കാനുള്ള അനുയോജ്യ ഇടമായി കേരളം മാറുന്നതിന് തെളിവാണിതെന്നും അദ്ദേഹം പറഞ്ഞു.

ഡിസ്പെയ്സിൻറെ ഗവേഷണ വികസന കേന്ദ്രത്തിനായി കേരളത്തെ തെരഞ്ഞെടുക്കാൻ കാരണം കഴിവും യോഗ്യതയുമുള്ള പ്രഫഷണലുകളുടെ ലഭ്യതയും ഇവിടുത്തെ കുറഞ്ഞ ചെലവുമാണെന്ന് ഡിസ്പെയ്സിൻറെ പ്രതിനിധി പറഞ്ഞു. മികച്ച തൊഴിലവസരങ്ങൾ ഡിസ്പെയ്സിലുണ്ടാകും. അത്യാധുനിക സാങ്കേതികവിദ്യകളിൽ വിദഗ്ധരായ 70 എഞ്ചിനീയർമാരെ തുടക്കത്തിൽ നിയമിക്കും. മൂന്ന് വർഷത്തിനുള്ളിൽ മുന്നൂറോളം ആളുകൾക്ക് ജോലി ലഭ്യമാക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

എയ്റോ സ്പേസ്, ഓഫ്-ഹൈവേ, ഇലക്ട്രിക് ഡ്രൈവുകൾ, അക്കാദമിക്, മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലാണ് ഡിസ്പെയ്സ് പ്രവർത്തിക്കുന്നത്. സോഫ്റ്റ് വെയർ ഇൻ-ദി-ലൂപ്പ് ടെസ്റ്റിംഗ്, സെൻസർ ഡേറ്റ മാനേജ്മെൻറ്, സിമുലേഷൻ മോഡലിംഗ്, ഡേറ്റ അന്നോട്ടേഷൻ, ഡേറ്റ ഡ്രിവൺ ഡവലപ്മെൻറ്, പ്രോട്ടോടൈപ്പിംഗ്, ഹാർഡ് വെയർ-ഇൻ-ദി-ലൂപ്പ് ടെസ്റ്റിംഗ്, സോഫ്റ്റ് വെയർ ഡവലപ്പ്മെൻറ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് തുടങ്ങിയ വിവിധ സേവനങ്ങൾ കമ്പനി ലഭ്യമാക്കും.